ആഭ്യന്തര പ്രകൃതി വാതകത്തിന്റെ ലഭ്യതക്കുറവും അന്താരാഷ്ട്ര ക്രൂഡോയിലിന്റെ വിലയുമായി ഇറക്കുമതിചെയ്യുന്ന പ്രകൃതി വാതകത്തിന്റെ വില ബന്ധപ്പെട്ടിരിക്കുന്നതിനാൽ വിലയിലുണ്ടാകാവുന്ന ഏറ്റക്കുറച്ചിലുകളെക്കുറിച്ചുള്ള ആശങ്കയും വാതകാധിഷ്ഠിത പദ്ധതികൾ തുടങ്ങുന്നതിന് അനുകൂലമല്ലാത്ത സാഹചര്യം ഉളവാക്കുന്നു.

ആഭ്യന്തരപ്രകൃതി വാതകം ലഭ്യമാക്കുകയും വാതകപൈപ്പ് ലൈൻ ശൃംഖലയുടെ നിർമ്മാണം പൂർത്തിയാകുകയുംചെയ്യുന്നതുവരെമാത്രമേ പരിഗണനയിലുള്ള വാതകാധിഷ്ഠിത പദ്ധതികളുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയുകയുള്ളൂ.

അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി

61 (4643) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരപ്പിള്ളി ജലവൈദ്യുതി പദ്ധതി നടപ്പിലാക്കണമെന്ന നിലപാടാണോ കെ. എസ്. ഇ. ബി.-ക്കും സംസ്ഥാന സർക്കാരിനുമുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) അനുകൂല നിലപാടാണ് ഉള്ളതെങ്കിൽ പദ്ധതി നടപ്പാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്ക് എതിരായി നിലവിലുള്ള സാഹചര്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പാരിസ്ഥിതികാനുമതിക്കായി കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തെ വീണ്ടും സമീപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് സമീപിച്ചത് ; എന്തായിരുന്നു മന്ത്രാലയത്തിന്റെ പുതിയ നിലപാട് ;

(ഇ) പദ്ധതിക്ക് എതിരായി ഹരിത ട്രൈബ്യൂണലിൽ നിലവിൽ കേസ്സുകൾ ഉണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നടപ്പിലാക്കണമെന്ന നിലപാടാണ് കെ.എസ്.ഇ.ബി.എൽ.-നും സർക്കാരിനുമുള്ളത്.

(ബി) 19-3-2015-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ വകുപ്പ് മേധാവികളുടെ യോഗത്തിൽ പാരിസ്ഥിതിക മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുമായി മുന്നോട്ടു പോകുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡിന് അനുമതി നൽകിക്കൊണ്ട് തീരുമാനം എടുത്തിട്ടുണ്ട്. ഡോക്ടർ കസ്തൂരിരംഗൻ അദ്ധ്യക്ഷനായ HLWG (High Level Working Group)-യുടെ ശിപാർശ പ്രകാരം കെ.എസ്.ഇ.ബി.-യിൽ

LIBRARY ARCHIVES Kerala Legislative Assembly

നൽകിയ വിശദാംശങ്ങൾ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ വിദഗ്ധ സമിതി പരിഗണിക്കുകയും പ്രസ്തുത സമിതി ആവശ്യപ്പെട്ട വിശദാംശങ്ങൾ കെ.എസ്.ഇ.ബി.എൽ. 2015 ഏപ്രിൽ മാസം മന്ത്രാലയത്തിന് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത വിശദാംശങ്ങൾ 21-7-2015-ൽ ചേരുന്ന സമിതി പരിഗണിക്കുന്നതാണ്.

(സി) പദ്ധതിക്ക് എതിരായ സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്. 2015-ഏപ്രിൽ മാസത്തിലാണ് മന്ത്രാലയത്തെ സമീപിച്ചത്. 21-7-2015-ൽ ചേരുന്ന യോഗത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ഇക്കാര്യം പരിഗണിക്കുന്നതാണ്. ഇതിനുശേഷം മാത്രമേ മന്ത്രാലയത്തിന്റെ പുതിയ നിലപാട് വ്യക്തമാവുകയുള്ളൂ.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

നാളേക്കിത്തിരി ഊർജ്ജം പദ്ധതി

62 (4644) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നാളേക്കിത്തിരി ഊർജ്ജം പരിപാടി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നത് എന്നറിയിക്കുമോ ;

(സി) പ്രസ്തുത പരിപാടി നടപ്പാക്കാൻ മരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ഊർജ്ജ സംരക്ഷണത്തെപ്പറ്റി അവബോധം വളർത്തുക എന്നതാണ് "നാളേക്കിത്തിരി ഊർജ്ജം" പരിപാടിയുടെ പ്രധാന ഉദ്ദേശ്യം. ഇതിനായി സ്കൂൾ കുട്ടികളെ സ്വന്തം ഭവനങ്ങളിലെയും, ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും ഭവനങ്ങളിലെയും വിദ്യാലയങ്ങളിലെയും വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനും, വൈദ്യുതിയുടെ പാഴാകൽ ഒഴിവാക്കുന്നതിനും ശ്രദ്ധിച്ചുകൊണ്ട് വൈദ്യുതസംരക്ഷണം പ്രാവർത്തികമാക്കാൻ പ്രോൽസാഹിപ്പിക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly